(ഡി) മലപ്പുറം ജില്ലയിൽ ഭരണാനുമതി ലഭിച്ച് ടെണ്ടർ ചെയ്ത റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

118 (501) തളിപ്പറമ്പ് - ഇരിട്ടി സ്റ്റേറ്റ് ഹൈവേ

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് - ഇരിട്ടി സ്റ്റേറ്റ് ഹൈവേയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് 18 കിലോമീറ്റർ മുതൽ 20 കിലോ മീറ്റർ നീളം വരെ ഉയർത്തുവാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(സി) പ്രസ്തുത റോഡിന്റെ 20 കിലോമീറ്റർ മുതൽ 30 കിലോമീറ്റർ വരെ റീ ടാറിംഗിന് നടപടികൾ സ്വീകരിച്ചുവോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ഭാഗം ഉയർത്തുവാനുള്ള നടപടികൾ ഇനിയും നടത്തേണ്ടിയിരിക്കുന്നു.

(സി) ഈ റോഡിന്റെ കി.മീ. 20/0 മുതൽ 30/0 വരെയുള്ള ഭാഗം റീ ടാറിംഗിനായി നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ അടിയന്തിര അറ്റകുറ്റപ്പണികൾ ഏറ്റെടുത്ത് നടത്തിവരുന്നു.

119 (503) സ്റ്റേറ്റ് ഹൈവേ/നാഷണൽ ഹൈവേ, ബൈപാസ് റോഡുകളുടെ നിർമ്മാണം

ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എം.എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റേറ്റ് ഹൈവേ/നാഷണൽ ഹൈവേകളിൽ ഏതെല്ലാം ബൈപാസ് റോഡുകളുടെ നിർമ്മാണമാണ് നടന്നുവരുന്നത്;

(ബി) പ്രസ്തുത ഹൈവേകളിൽ ഓരോന്നും എത്ര കി.മീ. ദൂരം വീതമാണ് നിർമ്മാണം നടക്കുന്നത്;

(സി) ബൈപാസ് റോഡുകളുടെ നിർമ്മാണ ചെലവ് എത്രയാണ്;

(ഡി) ഇവയുടെ നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുന്ന ഏജൻസികൾ ഏതെല്ലാമാണ്;

(ഇ) ഓരോ ഏജൻസികളിൽനിന്നും ലഭ്യമാക്കാൻ സാധിച്ചിട്ടുള്ള സാമ്പത്തിക സഹായം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) അനുബന്ധത്തിൽ കൊടുക്കുന്നു.†

† അനുബന്ധം 15

LIBRARY ARCHIVES Kerala Legislative Assembly